# പതിമൂന്നാംകേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1282 20/03/2012 ൽ മറുപടിയ്ക്ക്

### പട്ടികജാതി സർവ്വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ശശി<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി സർവ്വേ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവസാനമായി ഈ സർവ്വേ നടത്തിയതെന്നാണെന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്.<br>2009-10 ലാണ് സർവ്വേ അവസാനമായി നടത്തിയത്. |
| (ബി) | ഈ സർവ്വേ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ജനസംഖ്യ, സങ്കേതങ്ങൾ, കൈവശഭൂമി, അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, സാമൂഹ്യ വികാസം എന്നീ വിഷയ മേഖലകളിലായി 78 പട്ടികകളാണ് ഈ സർവ്വേയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) | പട്ടികജാതി കുടുംബങ്ങൾക്കിടയിൽ പട്ടിണിക്കാരും റേഷൻ കാർഡില്ലാത്തവരും ഉള്ളതായി ഈ സർവ്വേയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം വീതം ഉണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | റേഷൻ കാർഡില്ലാത്ത കുടുംബങ്ങളുടെ എണ്ണം ഈ സർവ്വേ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5,64,190 കുടുംബങ്ങളിൽ 14.09 ശതമാനം കുടുംബങ്ങൾ റേഷൻ കാർഡ് ഇല്ലാത്തവരാണ്. |
| (ഡി) | പട്ടികജാതിക്കാർക്കുവേണ്ടി ആവിഷ്കരിക്കുന്ന പല പദ്ധതികളും പ്രായോഗികമല്ലാത്തതായി സർവ്വേയിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രായോഗികമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) | പ്രായോഗികമല്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിനെ സംബന്ധിച്ച വിവരങ്ങൾ സർവ്വേയിൽ ഉൾപ്പെടുത്തിയതായി റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. |